**Application for admission to the Govt . Engineering College Boy's Hostel Sreekrishnapuram, Palakkad**

1 Name in full(in block letters ) :

2 Admission No :

3 Telephone Number (Land line ) :

4 Mobile Number :

5 Religion & Caste :

6 Whether belonging to SC/ST/OEC :

7 Date of Birth :

8 Semester in which studying :

9 Date from which Admission is sought :

10 Names & Permanent Address of

Parent/Guardian :

11 Relationship with parent /Guardian :

12 Annual family income :

13 Name& Address of the local guardian :

14 Distance from residence to College
(Road+ Rail ) :

15 Details of last Examination appeared CGPA

(should attach a copy of the Mark list,

Since the Admission is based on merit only) :

If admitted to the hostel, I agree to abide by all hostel rules, regulations, by-laws, and lawful orders of the hostel authorities, maintain good conduct and discipline, pay all dues promptly, and not leave the hostel without the permission of the Warden or the competent authority. I confirm that I have read and understood the hostel rules and regulations issued along with the application form and undertake to comply with them. I also agree to vacate the hostel whenever required by the authorities in accordance with GO (MS) No. 190/2017/H.Edn.

Place:
Date : Signature of student

I hereby undertake to be responsible for the conduct of the above-named student and for the payment of all dues payable by him/her. I further assure that he/she will comply with all obligations and commitments undertaken.

Place:
Date :

Signature of the Parent /Guardian

Recommended / Not Recommended Admit/Reject

**Section Clerk** **superintendent** **warden/Matron** **Principal**

# ഹോസ്റ്റൽ നിയമാവലി

**പൊതുവായത്** (General)

a) ഹോസ്റ്റൽ, വാർഡൻറെ നേരിട്ടുള്ള നിയന്ത്രണത്തിൽ ആയിരിക്കും. ഹോസ്റ്റലുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളിലും നിയമങ്ങളുടെ വ്യാഖ്യാനത്തിൽ വാർഡൻറെ തീരുമാനം അന്തിമമാണ്
b) ഈ നിയമങ്ങളിൽ വ്യക്തമാക്കാത്ത ആഭ്യന്തര കാര്യങ്ങൾ നിയന്ത്രിക്കുന്നതിനായി വാർഡന് സ്റ്റാൻഡിംഗ് ഓർഡറുകൾ രൂപപ്പെടുത്താനുള്ള അധികാരം ഉണ്ടായിരിക്കും.
c) വാർഡനോടൊപ്പം, പ്രിൻസിപ്പാൾ റെസിഡന്റ് ട്യൂട്ടർമാരെ നിയമിക്കും. അവർ ഹോസ്റ്റൽ വിദ്യാർത്ഥികളുടെ ശാസന നിയന്ത്രണത്തിൽ വാർഡനെ സഹായിക്കും. വാർഡൻ ഇല്ലാത്ത സമയത്ത് അസിസ്റ്റന്റ് വാർഡൻ, ട്യൂട്ടർ വാർഡൻറെ ചുമതലകൾ നിർവഹിക്കും.
d) ഹോസ്റ്റലുമായി ബന്ധപ്പെട്ട എല്ലാ കത്തുകളും വാർഡനെ അഭിസംബോധന ചെയ്യേണ്ടതായിരിക്കണം.

**2. പ്രവേശനം** (Admission)

a) ഹോസ്റ്റലിൽ പ്രവേശനം ഒരു വർഷത്തേക്ക് മാത്രമായിരിക്കും.
b) പ്രവേശന അപേക്ഷകൾ കോളേജ് വെബ്സൈറ്റിൽ ലഭ്യമായ ഗൂഗിൾ ഫോം വഴി സമർപ്പിച്ച ശേഷം , ഓഫീസിൽ നിന്നും ലഭിക്കുന്ന അപേക്ഷ ഫോമും പൂരിപ്പിച്ചു വിദ്യാർത്ഥി ഒപ്പുവച്ച് ബന്ധപ്പെട്ട HOD ശുപാർശ ചെയ്ത് വാർഡനു സമർപ്പിക്കണം.
c) യോഗ്യതയില്ലാത്ത അപേക്ഷകരെ വാർഡന് ന്യായമായ കാരണങ്ങളാൽ നിരസിക്കാനുള്ള അവകാശമുണ്ട്.
d) താൽക്കാലിക തിരഞ്ഞെടുപ്പ് പട്ടിക കോളേജ് വെബ്സൈറ്റിലും നോട്ടീസ് ബോർഡിലും പ്രസിദ്ധീകരിക്കും. തിരഞ്ഞെടുക്കപ്പെട്ടവർ **മാതാപിതാവ്/ഗാർഡിയനോടൊപ്പം** അഭിമുഖത്തിന് ഹാജരാകണം.
e) അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന്റെയും ഓഫീസ് സ്റ്റാഫിന്റെയും സഹായത്തോടെ വാർഡൻ വിദ്യാർത്ഥികളെ തിരഞ്ഞെടുക്കും. തിരഞ്ഞെടുക്കപ്പെട്ടവർ ₹25 പ്രവേശന ഫീസും, കൂടാതെ മെസ് അഡ്വാൻസ, HDF, മുൻകൂർ വാടക, Misc എന്നീ ഇനങ്ങളിൽ ആകെ ₹7335 രൂപയും SB Collect വഴി ഓൺലൈൻ ആയി അടയ്ക്കണം.
f) പ്രവേശനത്തിൽ ദൂരപരിധി പ്രധാന പരിഗണനയായിരിക്കും. ദൂരെയുള്ള വിദ്യാർത്ഥികൾക്ക് മുൻഗണന നൽകും. SC/ST/BPL/PH വിഭാഗങ്ങൾക്ക് മൊത്തം കിടക്കകളിൽ 30% സംവരണം ഉണ്ടായിരിക്കും.

**3. ഡെപ്പോസിറ്റ്** (Deposit)

a) പ്രവേശന സമയത്ത് ₹7360 അടയ്ക്കണം. ഇതിൽ കരുതൽ ധനം ₹2000 രൂപയും, മെസ് അഡ്വാൻസ് ₹3500 രൂപയും വെക്കേറ്റ് ചെയ്ത മാസത്തിലെ മെസ്സ്ബില്ലും, ബാധ്യതകളും ക്രമീകരിച്ച ശേഷം ബാങ്ക് അക്കൗണ്ട് വഴി തിരിച്ചു നൽകുന്നതാണ്.

**4. മുറി വിന്യാസം** (Allotment of Rooms)

a) മുറികൾ വാർഡന്റെ വിവേചനാധികാരപ്രകാരം അനുവദിക്കും. അനുമതിയില്ലാതെ മാറ്റം അനുവദനീയമല്ല.
b) മുറിയിലെ ഫർണീച്ചറുകൾ ഒരു മുറിയിൽ നിന്നും മറ്റൊരു മുറിയിലേക്കോ ഹോസ്റ്റലിൻറെ പുറത്തേക്കോ യാതൊരു കാരണവശാലും മാറ്റരുത്. മുറി ഒഴിയുന്നത് വരെ മുറിയിലെ ഫർണീച്ചറുകലുടെയും മറ്റും ഉത്തരവാദിത്തം അതാത് അന്തേവാസികൾക്കാണ്.
d) ഹീറ്റർ, അയൺ ബോക്സ്, കമ്പ്യൂട്ടർ തുടങ്ങിയ ഉപകരണങ്ങൾ അനുവദനീയമല്ല. കറണ്ട് ദുരുപയോഗം ശ്രദ്ധയിൽ പെട്ടാൽ അന്തേവാസികളിൽ നിന്നും പിഴ ഈടാക്കുന്നതായിരിക്കും.

**5. ഭക്ഷണ സംവിധാനം** (Catering)

a) എല്ലാ വിദ്യാർത്ഥികളും മെസിലെ അംഗങ്ങളായിരിക്കും
b) വെജിറ്റേറിയനും നോൺ വെജിറ്റേറിയനും ലഭ്യമാണ്.
c) ഹോസ്റ്റൽ കമ്മിറ്റി രൂപീകരിക്കും; മാസം തോറും മെസ് സെക്രട്ടറിമാരെ നിയമിക്കും.
d) ഭക്ഷണം മെസ് ഹാളിൽ ഇരുന്ന് മാത്രം കഴിക്കണം. റൂമുകളിൽ കൊണ്ടുപായി കഴിക്കുന്നത് ശ്രദ്ധയിൽ പെട്ടാൽ പിഴ ഈടാക്കുന്നതാണ്.
e) മെസ്സ് ചെലവ്അംഗങ്ങൾ പങ്കിടും.

f) **മെസ് കട്ട് അപേക്ഷ നൽകിയാൽ മാത്രമേ കുറവ് ലഭിക്കൂ (പരമാവധി 1/3 ദിവസം**).
g) മെസ്സ് കട്ട് പട്ടിക മാസത്തിൽ പ്രസിദ്ധീകരിക്കും.
h) മാസബിൽ 5 ആം തിയ്യതി മുതൽ 10 ആം തിയ്യതിക്കുള്ളിൽ പ്രസിദ്ധീകരിക്കും.

i) **പുറത്തു നിന്നുള്ള ഭക്ഷണം ഹോസ്റ്റലിൽ അനുവദനീയമല്ല**.

**6. അതിഥികൾ (Guests)**

a) വാർഡന്റെ അനുമതിയോടെ മാത്രമേ അതിഥികളെ താമസിപ്പിക്കാവൂ. ദിവസവാടക ₹110. ഭക്ഷണം ₹120 (ഒരു ദിവസത്തേക്ക്)
b) ഒരാൾക്ക് ഒരു അതിഥി മാത്രം.
c) അതിഥികളും നിയമങ്ങൾ പാലിക്കാൻ ബാധ്യസ്ഥരാണ്.
d) വാർഡന് അതിഥികളെ നിരസിക്കാനുള്ള അവകാശമുണ്ട്.
e) അനധികൃത പ്രവേശനം കർശനമായി നിരോധിച്ചിരിക്കുന്നു (₹300 പിഴ).
f) സ്റ്റാഫ് അതിഥികൾക്കും ചാർജ് ബാധകം.

**7. ഫീസ് അടയ്ക്കൽ (Payment of Charges)**

a) SB Collect വഴി ഫീസ് അടയ്ക്കണം. 10 ദിവസത്തിനകം: പിഴയില്ല , 11–15 ദിവസം: ₹10/ദിവസം , 15 ദിവസത്തിന് ശേഷം: പേര് നീക്കം ചെയ്യും
b) മുറിവാടക മുൻകൂറായി അടയ്ക്കണം.
c) കോഴ്സ് പൂർത്തിയാക്കിയവർ അടുത്ത ദിവസം മുറി ഒഴിഞ്ഞു പോകണം

**8. ശാസനം (Discipline)**

a) സ്വന്തം മുറിയിൽ മാത്രം താമസിക്കേണ്ടതും,മുറികൾ വൃത്തിയായി സൂക്ഷിക്കേണ്ടതുമാണ്
b) നിശബ്ദത പാലിക്കണം.
c) 9.30 PM ന് മുമ്പ് ഹോസ്റ്റലിൽ എത്തണം. 9.30 PM നും ശേഷം എത്തുന്ന വിദ്യാർത്ഥികളെ ഹോസ്റ്റലിൽ നിന്നും പുറത്താക്കാനുള്ള പൂർണ്ണ അധികാരം ഹോസ്റ്റൽ കമ്മിറ്റിയിൽ നിക്ഷിപ്തമാണ്.
d) അനുമതിയില്ലാതെ യോഗങ്ങൾ, പിരിവ് നടത്താൻ പാടുള്ളതല്ല.
e) പ്രത്യേക അനുമതിയില്ലാതെ ഒരു മാസത്തിലധികം അവധിയെടുത്താൽ¥മുന്നറിയിപ്പില്ലാതെ ഹോസ്റ്റലിൽ നിന്നും പുറത്താക്കുന്നതാണ്.
f) ഏതെങ്കിലും തരത്തിലുള്ള ചൂതാട്ടം, മദ്യപാനം, പുകവലി, മയക്കു മരുന്ന് Æനിരോധിത വസ്തുക്കൾ എന്നിവയുടെ ഉപയോഗം, അനന്മാർഗ്ഗിക പ്രവർത്തനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട റിപ്പോർട്ടിംഗ് ലഭിക്കുന്ന പക്ഷം ആയതിൽ ഉൾപ്പെട്ട എല്ലാ അന്തേവാസികളുടെയും പേരിൽ നടപടിയെടുത്ത് ഉടനടി ഹോസ്റ്റലിൽ നിന്നും എന്നെന്നേക്കുമായി പുറത്താക്കുന്നതാണ്.
g) ഹോസ്റ്റലിനകത്ത് ആയുധങ്ങൾ സൂക്ഷിക്കുന്നതും, ഉപയോഗിക്കുന്നതും നിരോധിച്ചിരിക്കുന്നു.
h). പ്രചരണ ബോർഡുകൾ¥വാൾ പോസ്റ്ററുകൾ¥കൊടി, തോരണങ്ങൾ മുതലായവ ഹോസ്റ്റൽ മുറിയിലോ കെട്ടിടത്തിനകത്തോ, കെട്ടിടത്തിന് പുറത്തോ വയ്ക്കുവാനോ അവ തയ്യാറാക്കുവാനോ യാതൊരു കാരണവശാലും അനുവദിക്കുന്നതല്ല.
i) ജീവനക്കാരോട് മാന്യമായി പെരുമാറേണ്ടതാണ്
j) രാത്രിയിൽ പുറത്ത് പോകാൻ വാർഡന്റെ മുൻകൂർ അനുമതി വേണം.
k) സന്ദർശന സമയം: രാവിലെ 7 – വൈകിട്ട് 6.30
l) രാത്രി 9.30 റോള്കാൾ നിർബന്ധം.
m) റാഗിംഗ് കർശനമായി നിരോധിച്ചിരിക്കുന്നു.
n) പൂട്ടിയിട്ട മുറികൾ അന്തേവാസികൾ തുറക്കാൻ പാടുള്ളതല്ല. പൂട്ടിയിട്ട മുറി തുറക്കുകയും, പിന്നീടുള്ള നാശനഷ്ടങ്ങളിൽ വ്യക്തിയെ തിരിച്ചറിയാത്ത പക്ഷം നഷ്ടം മാസ്സ് ഫൈൻ ഈടാക്കുന്നതയിരിക്കും.
o). പുറത്തു നിന്നുള്ള ഓൺലൈൻ സാധനങ്ങൾ ഹോസ്റ്റലിൽ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.
p) കമ്പ്യൂട്ടർ റൂം അനുമതി വാങ്ങിയശേഷം മാത്രം ഉപയോഗിക്കുക.

**9. അവധികൾ (Holidays)**

a) ഓണം, ക്രിസ്മസ്, വേനൽ അവധി സമയത്ത് ഹോസ്റ്റൽ അടയ്ക്കുന്നതാണ്.

**10. അധിക നിയമങ്ങൾ (Additional Rules)**

a) ഓരോ വിദ്യാർത്ഥിക്കും ലോക്കൽ ഗാർഡിയൻ വേണം.
b) ഹോസ്റ്റലിൽ നിന്ന് പുറത്ത് പോകാൻ മുൻകൂർ അനുമതി വേണം.
c) സ്വകാര്യ യാത്രകൾക്ക് ഗാർഡിയൻ/ HOD അനുമതി ആവശ്യമാണ്.

---

## വിദ്യാർത്ഥിയുടെ സത്യവാങ്മൂലം

മേൽപ്പറഞ്ഞ ഹോസ്റ്റൽ നിയമങ്ങളും ചട്ടങ്ങളും ഞാൻ പൂർണ്ണമായും വായിച്ച് മനസ്സിലാക്കിയിട്ടുണ്ട്. അവ കർശനമായി പാലിക്കുമെന്നും ഹോസ്റ്റൽ അധികാരികളുടെ നിയമാനുസൃത നിർദ്ദേശങ്ങൾ അനുസരിക്കുമെന്നും ഇതിനാൽ ഉറപ്പുനൽകുന്നു.

**വിദ്യാർത്ഥിയുടെ പേര് :** -----------------------------------

**ഒപ്പ് :** -----------------------------------------------------------------

---------------------------------------------------------------------------------------------------------------------------------------

## രക്ഷിതാവിന്റെ സത്യവാങ്മൂലം

മുകളിൽ പേര് രേഖപ്പെടുത്തിയിരിക്കുന്ന വിദ്യാർത്ഥിയുടെ/വിദ്യാർത്ഥിനിയുടെ പെരുമാറ്റത്തിനും അച്ചടക്കത്തിനും, കൂടാതെ അവൻ/അവൾ ഹോസ്റ്റലിനോട് അടയ്ക്കേണ്ട എല്ലാ ഫീസുകളും കുടിശ്ശികകളും സമയബന്ധിതമായി അടയ്ക്കുന്നതിനും ഞാൻ ഉത്തരവാദിയായിരിക്കുമെന്ന് ഇതിനാൽ സമ്മതിക്കുകയും ഉറപ്പുനൽകുകയും ചെയ്യുന്നു. വിദ്യാർത്ഥി/വിദ്യാർത്ഥിനി ഹോസ്റ്റൽ നിയമങ്ങളും ചട്ടങ്ങളും പാലിക്കുന്നതിന് ആവശ്യമായ സഹകരണം നൽകുന്നതായും ഞാൻ ഉറപ്പുനൽകുന്നു.

**രക്ഷിതാവിന്റെ പേര് :** -------------------------------------

**ഒപ്പ് :** ----------------------------------------------------------------

------------------------------------------------------------------------------------------------------------------------------+-------

**സെക്ഷൻ ക്ലർക്ക്,** **സൂപ്രണ്ട് .** **വാർഡൻ/മേട്രൺ**

**പ്രിൻസിപ്പൽ**